# സന്ധ്യ

മാധവദാസ്

കരിയിലകളുടെ കലപിലകൾക്കപ്പുറം
തോട്ടിലേക്കിറങ്ങുന്ന വേരുകൾ.
കുളത്തിലേക്കിറങ്ങുന്ന
ആമയെപ്പോലെ ഓർമകൾ.

മഞ്ഞിൽ വിരിഞ്ഞു നിൽക്കുന്ന പാടങ്ങൾ
ഒളിഞ്ഞിരിക്കുന്ന പ്രണയസ്മിതങ്ങൾ
നുരയുന്ന കായലോളങ്ങളിൽ
നമ്രമുഖിയായ സന്ധ്യ.

അതിനുമപ്പുറം കടലിലേക്ക്
തിരിയുന്ന ദേവാലയം
കാറ്റിലും കെടാതെ കത്തുന്ന
മെഴുകുതിരികൾ-ഓർമകൾ



# പരുന്ത്

ഷാജു കായക്കൊടി

രാത്രി. തന്റെ മടിയിൽ തല വെച്ച് ഉറങ്ങാൻ കിടന്ന മൂന്നാം ക്ലാസ്സുകാരിയായ മകളോട് പല കളി തമാശകളും പറയുന്നകൂട്ടത്തിൽ അഛൻ ചോദിച്ചു: 'മോൾക്ക് ഏറ്റവും പേടിയുള്ള ജീവിയേതാണ്?'

'പരുന്ത്'

'അതെന്താ മോളേ?'

'നമ്മുടെ കോഴിക്കുഞ്ഞുങ്ങളെ മുഴുവൻ പരുന്ത് റാഞ്ചിക്കൊണ്ടു പോകില്ലേ അഛാ..'

'ഇല്ല മോളേ. അവ തള്ളക്കോഴിയുടെ ചിറകിനടിയിൽ സുരക്ഷിതരായിരിക്കും.'

'അപ്പോൾ തള്ളക്കോഴിയെ പരുന്ത് റാഞ്ചിയാലോ അഛാ?'

പൊടുന്നനെ ഭീതിയുടെ ആകാശത്തിൽ നിന്നും മൂർച്ചയേറിയ കൊക്കും നഖങ്ങളുമായി ഒരു കൂറ്റൻ പരുന്ത് അഛന്റെ മനസ്സിലേക്ക് പറന്നിറങ്ങുകയായിരുന്നു. ■